തെളിയിക്കപ്പെട്ടിട്ടില്ല. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ വിത രണംചെയ്യുന്ന യൂക്കാലിതൈകളും അമിതമായി ജലം വലിച്ചെടുക്കുന്ന ഇനങ്ങളിൽപ്പെട്ടവയല്ല.

വള്ളക്കടവ് യൂക്കാലി പ്ലാന്റേഷനിൽനിന്നും മരം മുറിക്കുന്നതിനുള്ള കരാർ

253 [283] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വള്ളക്കടവിൽ എത്ര ഏക്കർ സ്ഥലത്ത് യൂക്കാലിമരങ്ങൾ പ്ലാന്റ് ചെയ്തിട്ടുണ്ട്;

(ബി) വർഷംതോറും എത്ര ടൺ വീതം മുറിച്ച് കേരളാ ന്യൂസ് പ്രിന്റ് പ്രോജക്ടിനു നൽകുന്നു;

(സി) എന്തു വ്യവസ്ഥയിലാണ് ഇതു മുറിച്ചുകൊടുക്കുന്നത്;

(ഡി) കരാർ അനുസരിച്ച് ഒരു മീറ്റർ എത്തിക്കുന്നതിന് കരാറുകാരന് എത്ര രൂപ നൽകുന്നു;

(ഇ) ഇപ്പോഴത്തെ കരാറുകാർ ആരെല്ലാമാണ്;

(എഫ്) കരാറുകാർ അനധികൃതമായി ലോറിക്കണക്കിന് യൂക്കാ ലിപ്റ്റസ് തടികളും കടത്തി കമ്പോളങ്ങളിൽ എത്തിക്കുന്ന വിവരം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇത് പരിശോധിക്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടു ത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എച്ച്) ഇത്തരം കരാറുകാർക്ക് കാലാവധി നീട്ടിക്കൊടുക്കു ന്നതിനെ സംബന്ധിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഇടുക്കിജില്ലയിൽ പീരുമേട് ഗ്രാസ്ലാൻഡ് ഡിവിഷന്റെ അധികാരപരിധിയിൽ, വള്ളക്കടവ്, പമ്പ എന്നിവിടങ്ങളിലായി 7065.75 ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്റ്റസ് പ്ലാൻ ചെയ്തിട്ടുണ്ട്.

(ബി) പ്രതിവർഷം ശരാശരി ഒരു ലക്ഷം ടൺ വീതം.

(സി) കമ്പനിയും സർക്കാരും തമ്മിലുള്ള ദീർഘകാലകരാറിൻ പ്രകാരം യൂക്കാലി ടണ്ണിന് 11 രൂപ റേറ്റിൽ 25 രൂപ അഡീഷ ണൽ പ്രൈസും, 5 ശതമാനം ഡവലപ്പ്മെന്റ് ടാക്സും നിലവിലുള്ള മറ്റുനികുതികളും ഈടാക്കിക്കൊണ്ടാണ് ഇത് മുറിച്ചുകൊടുക്കുന്നത്.

(ഡി,ഇ) കരാർ നിരക്കു നിശ്ചയിക്കുന്നതും കരാറുകാരെ നിശ്ചയിക്കുന്നതും കമ്പനിയാണ്.

(എഫ്) ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ശരിക്ക് കണക്കെ ടുക്കാതെ യൂക്കാലിപ്റ്റസ് ലോറിയിൽ കരാറുകാരൻ കയറ്റിക്കൊണ്ടി രിക്കുമ്പോൾ വിജിലൻസ് വിഭാഗം പീരുമേടിൽ വച്ചു പിടിച്ച് കേസെടുത്തിട്ടുണ്ട്.

(ജി) പരിശോധിക്കുന്നതിന് കർശനമായ സംവിധാനങ്ങൾ ഇപ്പോഴുതന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കരാറുകാരനെ ഏർപ്പെടുത്തുന്നത്. കമ്പനിയാണ്. അതുകൊണ്ട് കാലാവധി നീട്ടുന്ന കാര്യം കമ്പനിയാണ് തീരുമാനിക്കേണ്ടത്.

സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കുന്ന ഏജൻസികൾ

259 [284] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണം ഉൾപ്പെടെയുള്ള വനവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികളെന്നു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ളത് എത്ര തുകക്കുള്ള ജോലിയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

വനഭൂമി പതിച്ചുകൊടുത്തതായി പരാതി

260 [286] ശ്രീ. ഒ. രേഭറി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വനഭൂമി കൃത്രിമമായി ചില സ്വകാര്യ വ്യക്തികൾക്കുപതിച്ചു കൊടുത്തതായി എന്തെങ്കിലും പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് നിയമവിരുദ്ധമായി ഇത്തരം പതിച്ചുകൊടുക്കലുകൾ നടത്തിയിട്ടുള്ളത്;

(സി) ഇതിൻമേൽ സർക്കാർ എന്തുനടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പതിച്ചുകൊടുത്തതായി പരാതികൾ ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഏലപ്പാറ വാഗമൺ വില്ലേജുകളിലെ രജിസ്ട്രേഷൻ

261 [288] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽപ്പെട്ട ഏലപ്പാറ വാഗമൺ വില്ലേജിലെ രജിസ്ട്രേഷൻ കട്ടപ്പനനിന്നും മാറ്റി നേരത്തെ നിലനിന്നു വന്നതുപോലെ പീരുമേട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് സബ് രജിസ്ട്രാറുടെ ഓഫീസിൽ ആക്കണമെന്ന് ഒരു പ്രൊപ്പോസൽ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly